നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുത്ത 53 സർക്കാർ എയ്ഡഡ് സ്കൂളുകളുടെ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടുകളുടെ പ്രകാശനം ബഹു. പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി 2021 ജൂൺ 5-ന് തിരുവനന്തപുരത്ത് നിർവ്വഹിച്ചു. ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഡി. സുരേഷ് കുമാർ, കാട്ടാക്കട എം.എൽ.എ. ശ്രീ. ഐ. ബി. സതീഷ്, ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ഊർജ്ജ ഓഡിറ്റർ ശ്രീ. സുരേഷ് ബാബു ബി. വി. എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഊർജ്ജ ഓഡിറ്റ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 6 സ്കൂളുകളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ലൈറ്റുകളും ഫാനുകളും മാറ്റി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇ.എം.സി. " ഊർജ്ജയാൻ" പദ്ധതി നടത്തിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ നേമം, കഴക്കൂട്ടം എന്നീ നിയോജക മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ ഊർജ്ജ ഓഡിറ്റ് ആരംഭിച്ചു. കൂടാതെ പാലക്കാട് ജില്ലയെ ഊർജ്ജ കാര്യക്ഷമമായ ജില്ലയായി മാറ്റുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളുടെ ഊർജ്ജ ഓഡിറ്റ് ആരംഭിച്ചു. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചതിനുശേഷം ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തെരഞ്ഞെടുത്ത സ്കൂളുകളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഫാനുകളും ലൈറ്റുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## മലബാർ മേഖലകളിലെ വൈദ്യുതി പദ്ധതി

247 (632) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഉൾപ്പെടെയുള്ള മലബാർ പ്രദേശത്തെ വൈദ്യുതി മേഖലയ്ക്ക് ഗുണകരമാകുന്ന ഏതെങ്കിലും കേന്ദ്ര പദ്ധതികൾ കർണ്ണാടക സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്ര പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് പുതുതായി ഒരു 400 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇവിടത്തേയ്ക്കുള്ള വൈദ്യുതി ലഭിക്കുന്നത് കർണ്ണാടകയിലെ ഉഡുപ്പിയിൽ നിന്നാണ്. ഉഡുപ്പിയിൽ നിന്നുള്ള 400 കെ.വി. വൈദ്യുത ലൈൻ കർണ്ണാടകയിലെ ഉഡുപ്പി, ദക്ഷിണ കന്നട, കേരളത്തിലെ കാസർഗോഡ് ജില്ല എന്നിവിടങ്ങളിൽ കൂടിയാണ് കടന്നുപോകുന്നത്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തെ ഏതെല്ലാം ജില്ലകൾക്കാണ് ഇതിന്റെ പ്രയോജനം ലഭ്യമാകുന്നതെന്നും ഉപഭോക്താക്കൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുകയെന്നും വിശദമാക്കാമോ?

കാസർഗോഡ്, കരിന്തളം 400 കെ.വി. സബ്സ്റ്റേഷൻ പൂർത്തിയാകുന്നതോടെ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകൾക്കാണ് പ്രയോജനം ലഭിക്കുക. കൃത്യമായ വോൾട്ടേജിലുള്ള ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ലഭിക്കുമെന്നതാണ് ഇതിന്റെ നേട്ടം.

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

ഈ പദ്ധതി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിനുകീഴിൽ വരുന്നതാണ്. സ്റ്റാർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിയുടെ കീഴിലുള്ള ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് ആണ് ഈ പദ്ധതിയുടെ നിർമ്മാണം നടത്തുന്നത്. പ്രസ്തുത പദ്ധതി 2022 ഡിസംബറിൽ പൂർത്തിയാകുമെന്നാണ് ടി കമ്പനിയിൽ നിന്ന് ലഭ്യമായ വിവരം.

**മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി**

248 (633) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

തിരുവമ്പാടി മണ്ഡലത്തിലെ മറിപ്പുഴ പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല. ആവശ്യമായ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കലും ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന പ്രവൃത്തിയും ത്വരിതഗതിയിൽ നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly